# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/173/2017 | പത്രക്കുറിപ്പ് | 2017 ആഗസ്റ്റ് 18

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ ബി. വോക് - ടൂറിസം & ഹോസ്പിറ്റാലിറ്റി, ബ്രോഡ്കാസ്റ്റിങ് & ജേർണലിസം (2016 അഡ്മിഷൻ റഗുലർ) എന്നീ ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 25 ന് ആരംഭിക്കും.

**പരീക്ഷാഫലം**

2016 ജൂലായിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ ഹിന്ദി (പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി)ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 31 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ ഹിന്ദി (നോൺ സി. എസ്. എസ്. പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി)ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 31 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്. ഡബ്ല്യൂ, എം. റ്റി. എ (പി. ജി. സി. എസ്. എസ്. റഗുലർ/സപ്ലിമെന്ററി) എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 2 വരെ സ്വീകരിക്കും.

2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. എഡ്. (സ്പെഷ്യൽ എഡ്യൂക്കേഷൻ ഇന്റലക്ച്യൽ ഡിസെബിലിറ്റി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 25 വരെ സ്വീകരിക്കും.

**ഗവേഷണത്തിന്റെ ഗുണമേന്മയിൽ പ്രസാധകർക്കും പങ്കെന്ന് എം. ജി. വി. സി.**

അക്കാദമിക രംഗത്ത് ഗവേഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിൽ പ്രസിദ്ധീകരണങ്ങളുടേയും, പ്രസാധകരുടേയും പങ്ക് നിർണ്ണായകമാണെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അഭിപ്രായപ്പെട്ടു. സർവ്വകലാശാലാ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (ഐ.ക്യൂ.എ.എ.സി) ആഭിമുഖ്യത്തിൽ പുസ്തക പ്രസാധകരും ഗവേഷകരുമായുള്ള സംവാദം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എൽസ്വെയർ പബ്ലിഷിംഗ് കമ്പനിയുടെ സീനിയർ പ്രസാധക ഡോ. ഗ്രീഷ്മാ നായർ മുഖ്യ പ്രഭാഷണം നടത്തി. ഡോ. സാബു തോമസ്, ഡോ. റോബിനറ്റ് ജേക്കബ്, ഫാക്കൽറ്റി അംഗങ്ങൾ, ഗവേഷകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രസാധക ഗവേഷക സംവാദത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ ഡോ. ഗ്രീഷ്മാ നായർക്ക് വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ മെമെന്റോ സമ്മാനിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**